# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 750 | 12.12.2012-ൽ മറുപടിക്ക്

### സർക്കാർ ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സർക്കാർ ആശുപത്രികളെ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി കൗൺസിൽ നിബന്ധന പ്രകാരം അക്രഡിറ്റേഷൻ ഉള്ളവയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) 15 സർക്കാർ ആശുപത്രികളെ ക്വാളിറ്റി കൗൺസിൽ നിഷ്കർഷിക്കുന്ന നിബന്ധനപ്രകാരം അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇപ്പോൾ ഏതെല്ലാം ആശുപത്രികൾക്കാണ് അക്രഡിറ്റേഷൻ ഉള്ളത് ; | (ബി) മൂന്ന് ആശുപത്രികൾക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.<br>1. ജനറൽ ആശുപത്രി, എറണാകുളം<br>2. താലൂക്ക് ആശുപത്രി, ചേർത്തല<br>3. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, തിരുവനന്തപുരം |
| (സി) മറ്റ് ആശുപത്രികൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | (സി) സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ ഫൈനൽ അസ്സസ്മെന്റ് പൂർത്തിയാക്കി. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രാഥമിക പരിശോധന പൂർത്തിയാക്കിയ ആശുപത്രികൾ താഴെ പറയുന്നവയാണ്.<br>1. താലൂക്ക് ആശുപത്രി, തൊടുപുഴ<br>2. ഐക്കോൺസ്, ഷൊർണ്ണൂർ<br>3. താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി<br>4. ജില്ലാ ആശുപത്രി, കോട്ടയം<br>5. ജില്ലാ ആശുപത്രി, കൊല്ലം<br>6. ജില്ലാ ആശുപത്രി, മഞ്ചേരി<br>7. താലൂക്ക് ആശുപത്രി, ചാവക്കാട്<br>8. ജില്ലാ ആശുപത്രി, പാലക്കാട്<br>9. ജില്ലാ ആശുപത്രി, കാസർകോഡ്<br>താഴെ പറയുന്ന ആശുപത്രികളെ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രാഥമിക പരിശോധനക്കായി തയ്യാറാക്കിയിട്ടുണ്ട്.<br>1. ജനറൽ ആശുപത്രി, പത്തനംതിട്ട<br>2. ജില്ലാ ആശുപത്രി, കണ്ണൂർ |

സെക്ഷൻ ഓഫീസർ